# ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

# കടയ്ക്കൽ

little KITEs

# അക്ഷരത്തണൽ

## സന്ദേശം

ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. കുട്ടികളുടെ നിരന്തരമായ ശ്രമം ഈ മാഗസിന്റെ പുറകിലുണ്ട്. നാടിന്റെ ചരിത്രം ശേഖരിക്കുന്നതിലും അവ കൃത്യമായി ക്രോഡീകരിക്കുന്നതിലും ലിറ്റിൽ കൈറ്റ്സ് ടീം എടുത്ത ശ്രമങ്ങൾ പ്രശംസനീയം തന്നെ.

റ്റി. ഗീത

ഹെഡ്മിസ്ട്രസ്

## അണിയറയിൽ

**അക്ഷരത്തണൽ**

ലിറ്റിൽ കൈറ്റ്സ്

ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കടയ്ക്കൽ

## മാഗസിൻ കമ്മറ്റി

റ്റി ഗീത (ഹെഡ്മിസ്ട്രസ്)

വി വേണുകുമാരൻ നായർ (പി റ്റി എ പ്രസിഡന്റ്)

പി പ്രദീപ് (എസ് ഐ റ്റി സി & കൈറ്റ് മാസ്റ്റർ)

എ സലീനാബീവി (കൈറ്റ് മിസ്ട്രസ്)

ലജിത്ത് ചന്ദ്രപ്രസാദ് (ജോയിന്റ് എസ് ഐ റ്റി സി)

മുഹമ്മദ് സുൽത്താൻ (ലീഡർ, ലിറ്റിൽ കൈറ്റ്സ്)

ദേവിക ജി എസ് (ഡെപ്യൂട്ടി ലീഡർ ലിറ്റിൽ കൈറ്റ്സ്)

## എഡിറ്റർ

മുഹമ്മദ് സുൽത്താൻ

## എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് സുൽത്താൻ

ദേവിക ജി എസ്

ആവണി നന്ദകുമാർ

അഭിനന്ദ് ജി എസ്

കാവ്യ പ്രദീപ്

ഹന്ന എസ് ഖാൻ

ദേവിക എസ്

## ടൈപ്പ് സെറ്റിംഗ്

ലിറ്റിൽ കൈറ്റ്സ്

## ഡിസൈൻ & ഫോട്ടോസ്

ലിറ്റിൽ കൈറ്റ്സ്

# താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| ആമുഖം | ദളം 5 – 8 |
| എന്റെ ഗ്രാമം കടയ്ക്കൽ | ദളം 9 – 10 |
| കടയ്ക്കൽ ദേവി ക്ഷേത്രം | ദളം 11 – 16 |
| നാട്ടറിവുകൾ | ദളം 17 – 18 |
| കടയ്ക്കൽ കാർഷികപ്പെരുമയുടെ നാട് | ദളം 19 – 24 |
| മൊഴിവഴക്കം | ദളം 25 – 26 |
| പനിനീർറോസയുടെ ഭാഗ്യം | ദളം 27 |
| മൗനം | ദളം 28 |
| പ്രതീക്ഷ | ദളം 29 |
| കടലിരമ്പം | ദളം 30 |
| എന്റെ ഭാരതം | ദളം 31 |
| മഴവെള്ള സംഭരണം | ദളം 32 |
| പഴഞ്ചൊല്ലുകൾ | ദളം 33 |
| നന്ദി | ദളം 34 |

## ആമുഖം

### ഗവൺമെന്റ് ഹൈസ്കൂൾ കടയ്ക്കലിന്റെ ചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻമലയോര ഗ്രാമങ്ങളിലൊന്നാണ് കടയ്ക്കൽ. നാടുവാഴിഭരണത്തിന്റെ അടിത്തറ ഇളക്കി ജനാധിപത്യപ്രസ്ഥാനത്തിന് ഉദയം കുറിച്ച നാടാണ്. കാർഷിക മേഖല ആയതിനാൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നാടാകെ അറിയപ്പെടുന്ന ചന്തയുണ്ട്. പടിഞ്ഞാറൻ ദേശത്ത് നിന്നും കാർഷിക ഉല്പന്നങ്ങൾ വാങ്ങാൻകച്ചവടക്കാർ കടയ്ക്കൽ ചന്തയിൽ എത്തുമായിരുന്നു. മകരകൊയ്ത്ത് കഴിഞ്ഞ് കുംഭമാസത്തിലെ തിരുവാതിര(കടയ്ക്കൽ തിരുവാതിര) പണ്ട് മുതൽക്കേ പ്രസിദ്ധമാണ്. കാളവണ്ടിയും സൈക്കിളും കടയ്ക്കൽക്കാരുടെ വാഹനങ്ങളായിരുന്നകാലത്ത് സെക്കണ്ടറി വിദ്യാഭ്യാസത്തിനായി ഇവിടുത്തുകാർ ദൂരെസ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. ഈ സഹചര്യത്തിലാണ് 1950-ൽ ഗവ.അപ്പർ പ്രൈമറി സ്കൂൾഅപ് ഗ്രേഡ് ചെയ്ത് ഗവ.ഹൈസ്കൂൾ രൂപം കൊണ്ടത്. യു പി വിഭാഗം ഇന്നത്തെ ഗവ. യുപിഎസ്സിൽ നിലനിർത്തി. ഹൈസ്കൂൾ വിഭാഗം ഇന്നത്തെ ഹൈസ്കൂൾകോമ്പൗണ്ടിലും 1958 വരെ ഒരു പ്രഥമാധ്യപകന്റെ കീഴിൽ പ്രവർത്തിച്ചു. .അതോടുകൂടി ദൂരെദേശത്ത്പോയി സെക്കണ്ടറി വിദ്യാഭ്യാസം ചെയ്യേണ്ട അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചു. ഇന്നത്തെ ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നതിൽ ചില കെട്ടിടങ്ങൾ തട്ടാമല രാമൻപിള്ള സാറിന്റെ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആയിരുന്നു. കുട്ടികളുടെകുറവു കാരണം ഈ കെട്ടിടങ്ങൾ അദ്ദേഹം സർക്കാർ ആശുപത്രി നടത്തുന്നതിനായി വിട്ടുകൊടുത്തു. 1933 ൽ ഡോ.ഗോവിന്ദൻഇവിടെ മെഡിക്കൽ ഓഫീസറായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ കടയ്ക്കൽ താലൂക്ക് ആശുപത്രി പ്രവർത്തിക്കുന്നസ്ഥലത്തുണ്ടായിരുന്ന പഴയ ആശുപത്രി കെട്ടിടത്തിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുകയായിരുന്നു. ഈ റേഞ്ച് ഓഫീസ് കുളത്തൂപ്പുഴയിലേയ്ക്ക് മാറ്റിയതോടെ ചിങ്ങേലിയിൽനിന്നും

കടയ്ക്കൽ ഠൗണിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുകയായിരുന്ന കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറ്റുകയുണ്ടായി. ഒഴിഞ്ഞ്കിടന്ന കെട്ടിടങ്ങളും അനുബന്ധമായുണ്ടായിരുന്ന മൂന്ന് ഏക്കർ അൻപത് സെൻറ് സ്ഥലവും തട്ടാമല രാമൻപിള്ള സാറിൽ നിന്നും നാട്ടിലെ ഏതാനും വ്യക്തികൾ വില നൽകി വാങ്ങി. സ്വകാര്യ സ്കൂൾ നടത്തുകയായിരുന്നു ലക്ഷ്യം. 1950 ൽ കടയ്ക്കൽ ഗവ. യുപിഎസ്സ് അപ്പ് ഗ്രേഡ് ചെയ്തപ്പോൾ സെക്കൻററി സ്കൂൾ നടത്താൻ ഈ സ്ഥലവും കെട്ടിടങ്ങളും സൗജന്യമായി വിട്ടുകൊടുത്തു. അനുദിനം പ്രശസ്തിയുടെ പടവുകൾ താണ്ടുന്ന ഈ സരസ്വതീ ക്ഷേത്രത്തിനായി പണം മുടക്കിയ മഹത് വ്യക്തികളെ നന്ദിയോടെ സ്മരിയ്ക്കാം. കരിങ്ങോട്ട് കുട്ടൻപിള്ള, പുല്ലുപണയിൽ കൊച്ചപ്പി മുതലാളി, ഇടത്തറ അച്യുതൻവൈദ്യൻ എന്നിവരുടെ പേരിലാണ് സ്ഥലവും കെട്ടിടങ്ങളും വാങ്ങിയത്. നൂറ് രൂപയുടെ നൂറ് ഓഹരികൾ എഴുപത്തിയാറ് പേർക്ക് വിറ്റാണ് പതിനായിരം രൂപ സമാഹരിച്ചത്. നാല്പത്തിഅഞ്ചുവർഷത്തെ ഹൈസ്കൂൾ പ്രവർത്തനത്തിനുശേഷം 1995 ജൂൺ മാസത്തിൽ കടയ്ക്കൽ ഗവ. ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടു. എം എൽ റ്റി, എം ആർ ആർ റ്റി വി. എന്നിവയുടെ ഓരോ ബാച്ച് വീതം പ്രവർത്തിക്കുന്നു. ശ്രീ പി എ നടരാജൻ ആദ്യ പ്രിൻസിപ്പലായി. 2004 ൽ ഹയർ സെക്കൻററി വിഭാഗവും പ്രവർത്തനമാരംഭിച്ചു. ബയോളജി സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളുടെ ഓരോ ബാച്ച് വീതം അനുവദിയ്ക്കപ്പെട്ട ഇവിടെ 2013 ൽ കൊമേഴ്സ് ഒരു ബാച്ച് കൂടി അനുവദിയ്ക്കപ്പെട്ടു. പതിറ്റാണ്ടുകൾക്കു മുൻപേ ഇവിടെ എൻ സി സി യൂണിറ്റ് പ്രവർത്തിക്കുന്നു. പെൺകുട്ടികൾക്കും പ്രവർത്തിക്കുവാൻകഴിയുന്ന എൻ സി സി യൂണിറ്റാണ് ഇവിടെയുള്ളത്. 1987-88 അധ്യായന വർഷമാണ് ഹൈസ്കൂൾ വിഭാഗത്തിൽ ജൂനിയർ റെഡ്ക്രോസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. ഒട്ടനവധി ജീവകാരുണ്യ ക്ഷേമപ്രവർത്തനങ്ങൾ നിരന്തരം നടത്തിയതിന്റെ ഫലമായി 2003 ആഗസ്റ്റ് 25 ന്

കടയ്ക്കൽ ഗവ. ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റിന് കേരളത്തിലെ ആദ്യത്തെ മോഡൽ യൂണിറ്റ് പദവി ലഭിച്ചു. ആ പദവി കാത്തുസൂക്ഷിയ്ക്കാനുതകുന്ന പ്രവർത്തനങ്ങൾ ഇന്നും തുടർന്നുവരുന്നു. ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ നാൽപ്പത് ഡിവിഷനുകളിലായി 1800 ൽപ്പരം കുട്ടികളും വൊക്കേഷണൽ ഹയർ സെക്കൻററി,ഹയർ സെക്കൻററി വിഭാഗങ്ങളിലായി 500 ൽപ്പരം കുട്ടികളും പഠിക്കുന്നുണ്ട്. അങ്ങനെ നാടിന്റെ വിദ്യാഭ്യാസ മേഖലയിൽ ഈ വിദ്യാലയം മികവു പുലർത്തി മുന്നേറിക്കൊണ്ടിരിക്കുന്നു.

## ഭൗതികസൗകര്യങ്ങൾ


ഏഴ് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 14 കെട്ടിടങ്ങളിലായി 56 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് രണ്ട് കെട്ടിടത്തിലായി 10 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. നമ്മുടെ വിദ്യാഭ്യാസ ഉപജില്ലയിലെതന്നെ ഏറ്റവും വലിയ കളിസ്ഥലമാണിത് കേരളത്തിലെ ഏക മാതൃക ജെ ആർ സി യൂണിറ്റിന് പ്ലാറ്റിനം ജൂബിലിസമ്മാനമായി ലഭിച്ച ജെ ആർ സി ഓഫീസ് കം ട്രയിനിംങ് കൊല്ലം ജില്ലയിലെ ഏക എസ് പി സി ഓഫീസ് കം ട്രയിനിംങ് സെൻററും സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നു. ഫലവൃക്ഷങ്ങളുൾപ്പെടെ നൂറുകണക്കിന് വൃക്ഷങ്ങൾ ഈ സരസ്വതീക്ഷേത്രത്തിനെ പരിസ്ഥിതിസൗഹൃദമാക്കുന്നു. മുന്നൂറോളം സ്പീഷീസിൽപ്പെട്ട വൃക്ഷങ്ങൾ ഇവിടെ കാണാൻ കഴിയും. "എന്റെ പുളിമരച്ചോട്" പേരുപോലെ രണ്ട് പടുകൂറ്റൻ പുളിമരങ്ങളും രണ്ട് പടുകൂറ്റൻ മാവുകളും ചേർന്ന വിശാലമായ അസംബ്ലി മൈതാനം, നട്ടുച്ചയ്ക്കും കുളിരേകുന്ന ഞങ്ങളുടെ മാത്രം സ്വകാര്യ അഹങ്കാരം. ഇതിനെ പ്രശംസിക്കാതെ വിശിഷ്ടവ്യക്തികളാരും ഈ സരസ്വതീക്ഷേത്രം കടന്നുപോയിട്ടില്ല. മനോഹരമായ പൂന്തോട്ടവും മഴവെള്ളസംഭരണ സംവിധാനവും ഇവിടെയുണ്ട്. കേരളത്തിന്റെ തന്നെ

സ്വാതന്ത്ര്യസമരചരിത്രം പറയുന്ന "ആശുപത്രികെട്ടിടവും" ഇപ്പോഴും തലയെടുപ്പോടെ ഇവിടെ സ്ഥിതിചെയ്യുന്നു. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അൻപതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ ഒരു മൾട്ടിമീഡിയ ക്ലാസ് റൂമും പ്രവർത്തിക്കുന്നു. കേരള സർക്കാരിന്റെ പുതിയ സംരംഭമായ 'അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) സ്കിൽഡെവലപ്മെൻറ് സെൻറർ ഹയർസെക്കണ്ടറി വിഭാഗത്തിൽ പ്രവൃത്തിക്കുന്നു. കേരളസർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള മികവിന്റെ വിദ്യാലയമായി ചടയമംഗലം അസംബ്ലി മണ്ഡലത്തിൽനിന്നും ഈ വിദ്യാലയം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പത്ത് കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായുള്ള രണ്ട് ബഹുനിലക്കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചു.

## എന്റെ ഗ്രാമം കടയ്ക്കൽ

**മുഹമ്മദ് സുൽത്താൻ**

### കടയ്ക്കൽ വിപ്ലവം 1938



1938-ൽകൊല്ലം ജില്ലയിൽ നിലമേലിനും മടത്തറക്കും ഇടയിലുള്ള കടയ്ക്കൽ എന്ന ഗ്രാമത്തിൽ സ്വാതന്ത്ര്യ സമരത്തിൽ ഉൾപ്പെട്ട ദക്ഷിണ കേരളത്തിലെ ഒരു മഹാ പ്രക്ഷോഭമാണ് കടയ്ക്കൽ സമരം എന്നറിയപ്പെടുന്നത്. സർ സി.പി ക്കെതിരെ പോരാടി സ്വന്തമായി ഒരു സ്റ്റേറ്റ് തന്നെ പ്രഖ്യാപിക്കുകയും ജനാധിപത്യത്തിലൂന്നിയ മന്ത്രിസഭ ഉണ്ടാക്കുകയും ചെയ്ത കടയ്ക്കൽ സമരം സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു. കടയ്ക്കൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ ഭരണം ഏറ്റെടുത്ത് പ്രദേശം ഒരു രാജ്യമായി പ്രഖ്യാപിക്കുകയും കടയ്ക്കൽ സ്റ്റാലിൻ എന്ന് അറിയപ്പെടുന്ന ഫ്രാങ്കോ രാഘവൻ പിള്ള രാജാവും കാളിയമ്പി മന്ത്രിയുമായി ഒരു ഭരണ സംവിധാനം നിലവിൽ വരികയും ചെയ്തു. കേരളത്തിലെ ആദ്യത്തെ ജനകീയ മന്ത്രിയായാണ് കാളിയമ്പിയെ അറിയപ്പെടുന്നത്. അന്യായമായ ചന്തപ്പിരിവ് നൽകാതെ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ജനങ്ങൾ നടത്തിയ മുന്നേറ്റമാണ് കടയ്ക്കൽ സമരമായി രൂപാന്തരപ്പെട്ടത്. ദേശിയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് കടയ്ക്കൽ സമരം സംഘടിക്കപ്പെട്ടത് ഗവർൺമെന്റ് നിയോഗിച്ചിട്ടുള്ള കടയ്ക്കലെ ചന്ത കോൺട്രാക്ടർ അനുവദിച്ചതിലും അധികം തുക കർഷകരിൽ നിന്നും ചന്തകരമായി ഈടാക്കിയിരുന്നു. അനുവദിച്ചതിലും പതിന്മടങ്ങ് കരം പിരിച്ചിരുന്ന കോൺട്രാക്ടർക്ക് പോലീസിന്റെ സഹായവും ലഭിച്ചിരുന്നു. ചന്തക്കരത്തിനും

ചന്തയിൽ നടക്കുന്ന മറ്റഴിമതികൾക്കെതിരേയും പ്രക്ഷോഭണം കടയ്ക്കലിൽ ആരംഭിക്കണമെന്ന് കടയ്ക്കൽ ആൽത്തറമൂട് ചേർന്ന സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ പ്രവർത്തകർ തീരുമാനിച്ചു.

ചങ്കുവിള ഉണ്ണി ആയിരുന്നു ആൽത്തറമൂട് യോഗത്തിന്റെ പ്രധാന സൂത്രധാരൻ.

കടയ്ക്കൽ വിപ്ലവം നടന്നത് 1938 ലാണ്. കൊല്ലവർഷം 1114 കന്നി 10 മുതൽ 18 വരെയാണ് (1938 സെപ്റ്റംബർ 26 – ഒക്ടോബർ 4) രൂക്ഷമായ സമരം നടന്നത്. സമരം മൂർദ്ധന്യതയിലെത്തിയ സെപ്റ്റംബർ 29 ന് പോലീസ് സ്റ്റേഷൻ തകർക്കപ്പെട്ടു. 1938 നവംബർ രണ്ടിലെ മലയാളരാജ്യം പത്രത്തിൽ പോലീസ് സ്റ്റേഷൻ പൊളിച്ചതിന്റെ ചിത്രം പ്രസിദ്ധീകരിച്ചിരുന്നു (കേരളാ സംസ്ഥാന ആർക്കൈവ്സ് ഡിപ്പാർട്ട്മെന്റിന്റെ കടയ്ക്കൽ റെബലിയൻ 1939 എന്ന പ്രസിദ്ധീകരണത്തിൽ 1939 എന്ന രേഖപ്പെടുത്തിയതു തെറ്റാണ്). 1938 ഒക്ടോബർ 14 ലെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയും ഇതു വിശദീകരിച്ചിട്ടുണ്ട്. ഒക്ടോബർ അഞ്ചിന് പട്ടാളം എത്തിയതോടെ സമരത്തിന്റെ പ്രത്യക്ഷ പരിപാടികൾ അവസാനിച്ചു.

## കടയ്ക്കൽദേവീക്ഷേത്രം

**ദേവിക.എസ്**



കൊല്ലം ജില്ലയിലെ കടക്കൽ പഞ്ചായത്തിൽ ആൽത്തറമൂട് എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് കടയ്ക്കൽ ദേവി ക്ഷേത്രം. കടയ്ക്കലമ്മ എന്നപേരിലാണ് കടയ്ക്കൽ ദേവിക്ഷേത്രത്തിലെ മൂർത്തി അറിയപ്പെടുന്നത്. ദേവിയുടെ തൃപ്പാദം (കടയ്ക്കൽ) എന്ന അർത്ഥത്തിലാണ് ഈ പ്രദേശത്തിന് കടയ്ക്കൽ എന്ന പേരു കിട്ടിയതെന്ന് കരുതുന്നു. നാനാജാതി മതസ്ഥരെയും ആകർഷിക്കുന്ന പ്രശസ്തമായ കടയ്ക്കൽ തിരുവാതിര ഉത്സവം ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് എല്ലാ വർഷവും കുംഭമാസത്തിൽ ആഘോഷിക്കുന്നത്. ഇവിടെ പ്രതിഷ്ഠയില്ല എന്നതാണ് ഒരു പ്രത്യേകത. അനവധി ആരാധനാലയങ്ങളും ക്ഷേത്ര സമുച്ചയങ്ങളും ഉള്ള കടയ്ക്കൽ ഗ്രാമത്തിലെ പ്രധാന ക്ഷേത്രങ്ങളിൽ ഒന്നാണ് കടയ്ക്കൽ ദേവി ക്ഷേത്രം. കടയ്ക്കലമ്മ എന്നറിയപ്പെടുന്ന ഈ ദേവിയുടെ തൃപ്പാദത്തിൻ കടയ്ക്കൽ എന്ന അർത്ഥത്തിലാണ് ഈ പ്രദേശത്തിന് കടയ്ക്കൽ എന്ന പേരു കിട്ടിയതെന്ന് വിശ്വസിക്കപ്പെടുന്നു. കൊല്ലം ജില്ലയിൽ നിലമേലിനും ചിതറയ്ക്കും ഇടയിലുള്ള കടയ്ക്കൽ എന്ന കൊച്ച് ഗ്രാമം കേരള ചരിത്രത്തിൽ അറിയപ്പെടുന്നത് കടയ്ക്കൽ വിപ്ലവം എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമരത്തിന്റെ പേരിലാണ്. സർ സി.പി ക്കെതിരെ പോരാടി സ്വന്തമായി ഒരു സ്റ്റേറ്റ് തന്നെ പ്രഖ്യാപിക്കുകയും ജനാധിപത്യത്തിലൂന്നിയ മന്ത്രിസഭ ഉണ്ടാക്കുകയും ചെയ്ത കടയ്ക്കൽ വിപ്ലവം സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു. ഈ മലയോരഗ്രാമത്തിന്റെ പ്രധാന ഉപജീവന

മാർഗ്ഗം കൃഷിയും കാലിവളർത്തലുമാണ്. കടയ്ക്കൽ ചന്ത മലഞ്ചരക്ക വിൽപ്പനയ്ക്ക് പ്രസിദ്ധമാണ്. അനവധി ആരാധനാലയങ്ങളും ക്ഷേത്ര സമുച്ചയങ്ങളും ഉള്ള കടയ്ക്കൽ ഗ്രാമത്തിലെ പ്രധാന ക്ഷേത്രങ്ങളിൽ ഒന്നാണ് കടയ്ക്കൽ ദേവി ക്ഷേത്രം.

കടയ്ക്കൽ ദേശത്തെ നാനാജാതി മതസ്ഥരുടെ ഉത്സവമാണ് കടയ്ക്കൽ തിരുവാതിര. പാണ്ടി നാട്ടിൽ നിന്നും രണ്ട് സ്ത്രീകൾ അഞ്ചലിൽ വന്നെന്നും അവരെ കണ്ട് സ്ഥലത്തെ പ്രമാണിയായ കടയാറ്റുണ്ണിത്താൻ കുടിയ്ക്കാൻ ഇളനീർ നൽകുകയും വിശ്രമിക്കാൻ തണലിനായി പാലകൊമ്പ് വയൽ വരമ്പിൽ നാട്ടി കൊടുക്കുകയും ചെയ്തു. രാത്രി ഉറങ്ങാൻ ഒഴിഞ്ഞ് കിടന്നൊരു വീടും ഏർപ്പാടാക്കി. പിറ്റേന്ന് ഉണ്ണിത്താൻ വന്ന് നോക്കിയപ്പോൾ ഒരു സ്ത്രീയെ മാത്രമെ കണ്ടുള്ളൂ. ഉണ്ണിത്താന് അവിടെ ഒരു ദിവ്യാനുഭൂതി അനുഭവപ്പെട്ടു. ആ സ്ത്രീയും അവിടെ നിന്ന് ഉടൻ അപ്രത്യക്ഷമായി. ഉണ്ണിത്താന്റെ മുന്നിൽ നിന്നും അപ്രത്യക്ഷയായ സ്ത്രീ പാണ്ടിയിൽ നിന്നും ചരക്കുമായി വന്ന ആളുടെ കൂടെ കടയ്ക്കൽ എത്തുകയും അവിടേ സ്വയംഭൂവാവുകയും ചെയ്തു എന്നാണ് ഐതിഹ്യം. കടയാറ്റിൽ അപ്രത്യക്ഷയായ സ്ത്രീ കടയാറ്റ് ഭഗവതി എന്ന പേരിൽ അറിയപ്പെട്ടു. കടയ്ക്കൽ ഭഗവതിയും കടയാറ്റ് ഭഗവതിയും സഹോദരീമാരായിരുന്നു എന്ന് കരുതുന്നു. സ്വയംഭൂവായ കടയ്ക്കൽ ദേവിയുടെ ദർശനം ദേവിയുടെ കിരീടമായ തിരുമുടിയിലൂടെ മാത്രമേ സാദ്ധ്യമാകു എന്നാണ് വിശ്വാസം.കടയ്ക്കൽ ദേവിക്ഷേത്രം, ശിവക്ഷേത്രം, തളിയിൽ ക്ഷേത്രം എന്നിവ കടയ്ക്കൽ ചിറ എന്നറിയപ്പെടുന്ന ക്ഷേത്രകുളത്തിൽ നിന്നും തുല്യ അകലത്തിൽ സ്ഥിതി ചെയ്യുന്നു. കടയ്ക്കൽ ഭഗവതി ക്ഷേത്തിലെ പൂജാരികൾ ബ്രാഹ്മണരല്ല. നെട്ടൂർ കുറുപ്പന്മാരാണ് പൂജകൾ നടത്തുന്നത്. കടയാറ്റു കളരീക്ഷേത്രത്തിൽ ഒരു പ്രത്യേക പ്രതിഷ്ഠയില്ല. പീഠത്തെയാണ് ആരാധിച്ചു വരുന്നത്. ഭക്തജനങ്ങൾ നേർച്ചയായി നൽകിയിട്ടുള്ളവയുമുണ്ട്. പന്ത്രണ്ടു വർത്തിലൊരിക്കൽ കടയ്ക്കൽ ക്ഷേത്രത്തിൽ നിന്നും ഭഗവതിയുടെ തിരുമുടി

ആഘോഷപൂർവ്വം എഴുന്നള്ളിച്ച് കടയുറ്റു കളരി ക്ഷേത്രസന്നിധിയിൽ എത്തിക്കുന്ന ഉത്സവമാണ് 'മുടിയെഴുന്നള്ളത്ത്'. ജ്യേഷ്ഠത്തി കടയ്ക്കൽ ഭഗവതിയും അനുജത്തി കളരി ഭഗവതിയുമായുള്ള പുനഃസമാഗമമാണിതെന്നാണ് സങ്കല്പം. രാജഭരണകാലത്തും മുടിയെഴുന്നള്ളത്ത് നടന്നിട്ടുണ്ട്. അഞ്ചൽ കളരി ഭഗവതിയുടെ തിരുനാളായ മീനമാസത്തിലെ തിരുവാതിര നാളിൽ പ്രസ്തുത ഉത്സവം ആരംഭിച്ച് ഏഴുദിവസക്കാലം നീണ്ടുനില്ക്കുന്നു. ഇവിടെ വിഗ്രഹ പ്രതിഷ്ഠയില്ല.

പുരാതന കാലം മുതൽ പേരുകേട്ട കടക്കൽ ക്ഷേത്രക്കുളം പഞ്ചമഹാക്ഷേത്രങ്ങളുടെയിടയിൽ ആൽത്തറമൂട് കവലയ്ക്ക് സമീപം സ്ഥിതിചെയ്യുന്നു. മൂന്ന് ഏക്കറിൽ കൂടുതൽ സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന കുളത്തിൽ മുൻകാലത്ത് സ്ത്രീകൾക്ക് കുളിക്കാനായി കുളിപ്പുരകൾ ഉണ്ടായിരുന്നു. ഉത്സവകാലങ്ങളിലും, മറ്റ് വിശേഷാൽ പൂജാ ദിവസങ്ങളിലും ഏറം, താഴം എന്നീ തറവാട്ടുകളിൽ നിന്നുംവരുന്ന സിത്രീകൾ ഈ കുളത്തിൽ നീരാടിയ ശേഷം പനവൂർ കൊട്ടാരത്തിൽ സൂക്ഷിച്ചിരുന്ന ആഭരണപ്പെട്ടിയിലുള്ള ആഭരണങ്ങളും ധരിച്ച കൊണ്ടാണ് ക്ഷേത്ര ദർശനം നടന്നിരുന്നത് . ഹൈന്ദവാചാരം അനുസരിച്ച് ക്ഷേത്രക്കുളത്തിന് വളരെ പ്രാധാന്യമുണ്ട്. ഇപ്പോൾ ഉത്സവകാലങ്ങളിൽ ക്ഷേത്രച്ചിറയും പരിസരവും വൃത്തിയാക്കാറുണ്ട്.

അബ്രഹ്മണരാണ് പൂജാരികൾ എന്നതും കടയ്ക്കൽ ക്ഷേത്രത്തെ വ്യതസ്തമാക്കുന്നു. പീടികയിൽ സ്വയം ഭൂവായ ദേവിയുടെ ചൈതന്യം ആദ്യമായി കണ്ട നെട്ടൂർ കുറുപ്പിന്റെ പിൻതലമുറക്കാരാണ് ശാന്തിക്കാർ.വിഗ്രഹമില്ല. അരി വച്ച് നിവേദ്യമില്ല. മലർ, പഴം എന്നിവയാണ് നിവേദ്യ വസ്തുക്കൾ. കുങ്കുമവും കളപ്പൊടിയും പ്രസാദമായി ലഭിക്കുന്നു.

കുംഭമാസത്തിലെ തിരുവാതിര കടയ്ക്കൽ ദേവിയുടെ തിരുനാളായി ആഘോഷിക്കുന്നു. ഏഴ് ദിവസം നീണ്ടു നിൽക്കുന്ന തിരുവാതിര ഉത്സവം

വ്രതാനിഷ്ഠികളായ ബാലന്മാരുടെ കുത്തിയോട്ടത്തോടേ ആരംഭിയ്ക്കുന്നു. മകയിരം നാളിലെ പൊങ്കാലയ്ക്ക് നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന സ്ത്രീക്കൾ പൊങ്കാലയിട്ട് കടയ്ക്കലമ്മയുടെ അനുഗ്രഹം നേടുന്നു. കടയ്ക്കൽ പീടിക ക്ഷേത്രത്തിന് മുന്നിൽ പ്രകൃതി ദത്ത നിറങ്ങൾ ഉപയോഗിച്ച് ഭദ്രകാളി രൂപം വരയ്ക്കുന്ന കളമെഴുത്തും ഉത്സവാഘോഷത്തിൽ പെടുന്നു.

ഉത്സവത്തിന്റെ മറ്റൊരു പ്രത്യേകതയാണ് എടുപ്പ് കുതിരകൾ. ശില്പസുന്ദരമായ എടുപ്പു കുതിരകൾക്ക് കെട്ടുകാഴ്ചളും, കതിരുകാളകളും, നാടൻ കലാരൂപങ്ങളും അകമ്പടി സേവിക്കുന്നു. 40 മുതൽ 80 അടി വരെ ഉയരവും 10 അടി വീതിയും ഉള്ള കൂറ്റൻ കുതിരകളെ തോളിലേറ്റി അമ്പലം പ്രദക്ഷിണവും എഴുന്നള്ളത്തും നടത്തുന്നത് വ്രതാനുഷ്ഠികളായ നൂറുകണക്കിനു ഭകതന്മാർ തോളിൽ ചുമന്നാണ്. കടയ്ക്കൽ ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളത്ത് പുറപ്പെട്ട് പീടിക ദേവി ക്ഷേത്രത്തിലെത്തി , അവിടെ നിന്നും മൂന്നാമത്തെ കുതിരയെ കെട്ടുന്ന കിളിമരം കാവിലെത്തി നാളികേരമുടച്ചതിനു ശേഷമാണ് കുതിരയെടുപ്പ് ആരംഭിക്കുന്നത്. പല ഭാഗങ്ങളിൽ നിന്നും വരുന്ന കെട്ടു കാഴ്ചകൾ രാത്രിയോടെ അമ്പല മുറ്റത്തെത്തുന്നു. അവസാന ദിവസം, പണ്ട് നടന്നിരുന്ന മൃഗബലിയ്ക്ക് പ്രതീകമായി കുമ്പളങ്ങ വെട്ടി അർപ്പിക്കുന്ന ഗുരുതിയോടെ ഉത്സവം സമാപിക്കുന്നു.

കടയ്ക്കൽ ഭഗവതി ക്ഷേത്രത്തിലെ ഉത്സവാഘോഷമാണ് കടയ്ക്കൽ ഭഗവതി മുടിയെഴുന്നള്ളത്ത്. അഞ്ചൽ ആറുകരക്കാരും കടയ്ക്കൽ പ്രദേശത്തുകാരും ചേർന്നാണ് മുടിയെഴുന്നള്ളത്ത് നടത്തുന്നത്. മുടിയെഴുന്നെള്ളത്ത് നടത്തുവാനുള്ള സമ്മതം വാങ്ങാനായി അഞ്ചൽ കരക്കാർ കടക്കൽ കരക്കാരെ സമീപിക്കുന്നു. അഞ്ചൽ ആറ് കരക്കാർ ഒത്തുകൂടി തീരുമാനങ്ങൾ കൈക്കൊണ്ടാണ് മുടിയെഴുന്നള്ളത്ത് നടത്താനുള്ള തീരുമാനങ്ങൾ എടുക്കുന്നത്. കുറുക്കോട്, പുത്തൻ വീട്, പനവീട്ടിൽ, ചാമക്കാല, കുരുവിള, ചെറുവള്ളി, കാരായിക്കോണം എന്നിവ

ഏറം കരയിലും പുലിയത്തു, കിഴക്കതിൽ കോമളത്ത് തെക്കേതിൽ എന്നിവ അഗസ്ത്യക്കോട് കരയിലും നെടുങ്ങോട്ട്, പുത്താറ്റ് കൈപള്ളിൽ നെല്ലിത്താരം ഇന ഇടമുളക്കയ്ക്കൽ കരയിലും,അറപ്പുര ഏറ്റൂർകരയിലും, കണ്ണങ്കരനെല്ലിപള്ളി, പാലറ എന്നിവ അലയമൺ കരയിലും പെട്ടിരുന്നു. മുടിയെഴുന്നെള്ളത്തിനു മുന്നോടിയായി കുറ്റിയടി നടത്തിയിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ ചടങ്ങ് വേണ്ടാ എന്നു വച്ചു. ഈ ചടങ്ങ് കാണാനായി ധാരാളമാൾക്കാർ വരാറുണ്ട്. ഉത്സവാകോഷത്തിന്റെ പ്രധാന ഇനം കെട്ടു കുതിരയായിരുന്നു. മുടിയെഴുന്നള്ളത്തിന്റെ ഏറ്റവും മുന്നിലായി ഭഗവതിയുടെ കിരീടമേന്തിയ രണ്ട് പേരുണ്ടാവും. അഞ്ചൽ തിരുമുടിയെഴുന്നള്ളത്തിനു കടയ്ക്കൽ ദേവിക്ഷേത്രത്തിൽ ആചാരവിധിപ്രകാരമുള്ള ഒരുക്കങ്ങൾ പൂർത്തിയായതിനുശേഷം ചടങ്ങുകളോടുകൂടി മുടിപ്പുര തുറക്കുന്നു. വ്രതം നിന്ന് മുടിയേറ്റുകാർ ദേവിയുടെ മൂന്ന് മുടികൾ എടുത്ത് പ്രധാന വേദിയിൽ ആ സമയം ആഘോഷ പരിപാടികൾ അരങ്ങേറുന്നു. രാജകൊട്ടാരത്തിൽ നിന്നും വിട്ട്കിട്ടിയിരുന്നതും ഇപ്പോൾ സർക്കാർ നൽകുന്നതും ആയ അശ്വരൂപസേന മുന്നിൽ നിരക്കുന്നു. ഏറ്റവും മുന്നിൽ കൊടിയുമായി വേലൻ നടക്കുന്നു. തൊട്ടുപിന്നിൽ വഴി വൃത്തിയാക്കാൻ ചൂലുമായി അണികൾ നിരക്കും. വൃത്തിയാക്കിയ വീഥിയിൽ കടൽജലം തളിക്കുന്നു. തുടർന്ന് പൂക്കൾ വിതറുന്നു. തുടർന്ന് അതിലൂടെ തിരുമുടിയേറ്റുകാർ നീങ്ങുന്നു. അവർക്കു പുറകിലായി ആഘോഷത്തിനകമ്പടി സേവിക്കാൻ വിവിധ ഫ്ളോട്ടുകൾ നിരക്കും.

ആദ്യമായി മുടിയെഴുന്നള്ളത്ത് നടത്തുവാനുള്ള സമ്മതത്തിനായി അഞ്ചൽ കരക്കാർ കടയ്ക്കൽ കരക്കാരെ രേഖാമൂലം സമീപിക്കുന്നു. അഞ്ചൽ ആറുകരക്കാർ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നു. അവരിൽ പ്രധാനികൾ പ്രാഥമിക ചർച്ചകൾക്കു ശേഷം കടയ്ക്കൽ കരക്കാരെ സമീപിക്കുകയും ഇരുകൂട്ടരും മുടിയെഴുന്നള്ളത്തിനു വേണ്ട ക്രമീകരണങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. പന്ത്രണ്ട്

വർഷത്തിലൊരിക്കലാണ് മുടിയെഴുന്നള്ളത്ത് നടക്കുന്നത്.പല പരീക്ഷണ ഘട്ടങ്ങളിലും സാക്ഷാൽ ശിവൻ വേഷം മാറി വന്നിട്ടുണ്ട് എന്ന് ഐതീഹ്യം.

## നാട്ടറിവുകൾ

**അൽത്താഫ് ഹസ്സൻ**

### കടയ്ക്കൽ പേരും പൊരുളും



വനപ്രദേശവുമായി അടുത്തുകിടക്കുന്ന കടയ്ക്കൽ സഹ്യപർവതത്തിന്റെ ചുവട്ടിലായതിനാലാണ് കടയ്ക്കൽ (ചുവട്ടിൽ) എന്ന പേര് വന്നത് എന്നാണ് ഒരഭിപ്രായമുള്ളത്. ഏറ്റവും ചുവട്ടിലുള്ളത്-കടയ്ക്കൽ.

പണ്ട് ഇവിടം കാട്ടുപ്രദേശമായിരുന്നുവെന്നും മുനിമാർ തപസ്സുചെയ്യാനായി ഇവിടെ എത്തിരുന്നുവെന്നും ആലിൻ ചുവട്ടിൽ വേരിന്റെ പുറത്തിരുന്ന തപ്പസുചെയ്തിരുന്ന എന്നും മൂലോപലത്തിൽ (കടയ്ക്കൽ) ഇരുന്നതിനാൽ കടയ്ക്കൽ എന്ന പേരുവന്നതാണെന്നും മറ്റൊരഭിപ്രായവുമുണ്ട്.

വനം ആരംഭിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്ന എല്ലുകക്കല്ലിന് കടയിക്കല്ല് എന്ന പറയുമായിരുന്നു. ആ കല്ലുണ്ടായിരുന്ന സ്ഥാലം കടയ്ക്കൽ എന്ന പറയുമായിരുന്ന എന്ന അനുമാനിക്കാം. കടയ്ക്കൽ പ്രദേശത്തോടു ചേർന്ന് വിവിധ ഭാഗങ്ങൾക്കുള്ള പേരുകൾ എങ്ങനെയുണ്ടായി എന്ന് നോക്കാം.

- കുറ്റിച്ചെടികൾ നിറഞ്ഞ സ്ഥലം കുറ്റിക്കാട്
- കാരയ്ക്കാ മരങ്ങൾ നിറഞ്ഞ സ്ഥലം കാരയ്ക്കാട്
- പാങ്ങൽ വൃക്ഷങ്ങൾ നിറയെ ഉള്ള സ്ഥലം പാങ്ങലുകാട്
- നിറയെ ദർഭപ്പുല്ലുകൾ ഉള്ള ഇടം ദർഭക്കാട്
- പുലികൾ ഉണ്ടായിരുന്ന ഇടം പുലിപ്പാറ

- ആനയുടെ ആകൃതിയിലെ പാറകൾ ഉണ്ടായിരുന്ന സ്ഥലം ആനപ്പാറ
- പുല്ലുകൾ വളർന്ന പണ പുല്ലുപണ
- മാനുകൾ ഉണ്ടായിരുന്ന ഭാഗം മാങ്കോട്
- കീരികൾ ധാരാളം കാണപ്പെട്ട സ്ഥലം കീരിപുറം
- കാഞ്ഞിര മരങ്ങൾ ഇടതൂർന്ന സ്ഥലം കാഞ്ഞിരത്തുംമൂട്
- വസ്ത്രങ്ങൾ എറ്റി ശുദ്ധിവൃത്തിയിരുന്ന സ്ഥലം എറ്റിൻകടവ്
- മുഷിഞ്ഞ വസ്ത്രങ്ങൾ മാറ്റിയിടുന്ന സ്ഥലം മാറ്റിടാംപാറ

ഇങ്ങനെ കടയ്ക്കലെ ഓരോ പ്രദേശത്തിനും ഓരോ പേരുകൾ ഉണ്ടായി എന്നു കരുതാം.

## കടയ്ക്കൽ കാർഷികപ്പെരുമയുടെ നാട്

**റിയ ഫാത്തിമ**

കാർഷികപ്പെരുമയുടെ നാടാണ് കടയ്ക്കൽ.കാർഷിക സംസ്കാരവും കർഷക സമരങ്ങളും ഈ നാടിന് സ്വാതന്ത്ര്യ സമര ചരിത്രത്തിൽപോലും ഇടം നേടിക്കൊടുത്തിട്ടുണ്ട്.അതിനാൽതന്നെ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട ചൊല്ലുകളും കഥകളും പാട്ടുകളും ഇവിടെ ധാരാളം ഉണ്ടായിട്ടുണ്ട്.ആധുനിക കാലത്ത് വയലേലകൾ അപ്രത്യക്ഷമായെങ്കിലും നമ്മുടെ നാട്ടിൽ ഈ സംസ്കാരം ഇന്നും നിലനിൽക്കുന്നു.കൊല്ലം ജില്ലാ വിത്തുത്പാദന കേന്ദ്രമായ സീഡ് ഫാം കടയ്ക്കൽ പട്ടണത്തോട് ചേർന്ന് സ്ഥിതിചെയ്യുന്നത് ഒരർത്ഥത്തിൽ കാർഷിക സംസ്കാരം ഇന്നും ജനജീവിതത്തിലായ്ക്ക് എത്തിയ്ക്കാൻ സഹായകമായിട്ടുണ്ട്. കാർഷികപ്പെരുമയുടെ നാടാണ് കടയ്ക്കൽ.കാർഷിക സംസ്കാരവും കാർഷക സമരങ്ങളും ഈ മേഖലയുമായി ബന്ധപ്പെട്ട കലാരൂപങ്ങൾക്കും വളക്കൂറുള്ള മണ്ണൊരുക്കുവാൻ സഹായകമായിട്ടുണ്ട്. പക്ഷേ ഇതുമായി ബന്ധപ്പെട്ട പല കഥകളും പാട്ടുകളും പഴമക്കാരോടൊപ്പം തന്നെ മൺമറഞ്ഞ ചരിത്രമാണുള്ളത്. ഇത്തരുണത്തിൽ 1991 കാലത്തെ സാക്ഷരതാ പഠനകേന്ദ്രത്തിലെ(ആനപ്പാറ ) ഒരു പഠിതാവായ ചെല്ലമ്മ ചൊല്ലി കേൾപ്പിച്ച ഒരു ഞാറ്റുവേലപ്പാട്ട് ഇവിടെ പങ്കുവയ്ക്കുന്നു.

പേരാറ്റും പേരും ചൂണ്ടയിട്ടിരുന്നോ പാണോ
മൂത്ത പാണോ പാണരാജാവേ എന്റെ തേര് തടുക്കരുതേ
ഏഴുലകോം നങ്ങ കുഞ്ഞ് തേര് താത്ത് കുളിയ്ക്കാൻ വന്നു
നിന്നെ ഞാനു കൊണ്ടുപോട്ടോ നങ്ങ കുഞ്ഞു ചിരുതേവ
എങ്ങനെന്നേയും കൊണ്ടുപോകും മൂത്തപാണോ പാണരാജാവേ

മുണ്ടുതന്നുകൊണ്ടുപോട്ടോ നങ്ങ കുഞ്ഞു ചിരുതേവിയേ

മുണ്ടുതന്നുകൊണ്ടുപോകാൻ ചൂത്തരത്തി മകളല്ല ഞാൻ

പട്ടു തന്നുകൊണ്ടുപോട്ടോ നങ്ങ കുഞ്ഞു ചിരുതേവിയേ

പട്ടു തന്നുകൊണ്ടു പോകാൻ പട്ടത്തി മകളല്ലാ ഞാൻ

ചേലതന്നുകൊണ്ടുപോട്ടോ നങ്ങ കുഞ്ഞു ചിരുതേവിയേ

ചേലതന്നുകൊണ്ടു പോകാൻ ചെട്ടിച്ചി മകളല്ലാ ഞാൻ

കല്ലുകെട്ടികൊണ്ടുപോട്ടോ നങ്ങ കുഞ്ഞു ചിരുതേവിയേ

കല്ലുകെട്ടി കൊണ്ടു പോകാൻ കല്ലത്തി മകളല്ലാ ഞാൻ

പിന്നെങ്ങനെ ഞാൻ കൊണ്ടുപോകും നങ്ങ കുഞ്ഞു ചിരുതേവിയേ

നമ്മട്ടി കൊഴപിടിച്ച കുന്താലിവീതിയ്ക്ക് ഒരു മിന്നുതാലി

കൊണ്ടു വന്നേ നങ്ങ  കുഞ്ഞു ചിരുതേവിയേ....

കടലോളം നീളത്തിന്നും കൈലോളം വീതിയ്യൊരു

പട്ടുചേല കൊണ്ടുവരേണം മൂത്ത പാണോ പാണരാജാവേ

കടലോളം നീളത്തിന്നും കൈലോളം വീതിയ്യൊരു

പട്ടുചേല കൊണ്ടു വന്നേ നങ്ങ  കുഞ്ഞു ചിരുതേവിയേ..

അച്ഛനുണ്ടോ തനിയ്ക്കിപ്പോൾ അമ്മയുണ്ടോ തനിയ്ക്കിപ്പോൾ

അച്ഛനുണ്ട് എനിയ്ക്കിപ്പോൾ അമ്മയുണ്ട്എനിയ്ക്കല്ലോ

ചേട്ടനുണ്ടോ തനിയ്ക്കല്ലോ അനുജനുണ്ടോ തനിയ്ക്കല്ലോ

ചേട്ടനുണ്ട് എനിയ്ക്കല്ലോ അനുജനുണ്ട് എനിയ്ക്കല്ലോ

ഇളീന്നൊരു വാളെടുത്തേ മൂത്ത പാണോ പാണരാജാവേ

ഇളീന്നൊരു വാളെടുത്തു നങ്ങ  കുഞ്ഞു ചിരുതേവിയേ..

അച്ഛനേയും കൊന്നുവരിക അമ്മയേയും കൊന്നുവരിക

ചേട്ടനേയും കൊന്നുവരേണം അനുജനേയും കൊന്നുവരേണം

മൂത്ത പാണോ പാണരാജാവേ......

അച്ഛനേയും കൊന്ന ഞാനും അനുജനേയും കൊന്ന ഞാനും

നങ്ങ കുഞ്ഞു ചിരുതേവിയേ..

ഇത്രയും കൊല കൊന്നോനേ മൂത്ത പാണോ പാണരാജാവേ

ഇത്രയും കൊല കൊന്നോനേ എന്നേയും താൻ കൊന്നുകളയും

താനിവിടെ നിന്നുകൊള്ളൂ തേരുകേറി മേല്യ ലോകത്തേയ്ക്ക്

ഞാനും പോകുന്നിനി നങ്ങ കുഞ്ഞു ചിരുതേവിയേ.....

## കുത്തിയോട്ടം –കേരളത്തിന്റെ അനുഷ്ഠാനകല

കേരളത്തിലെ പ്രധാനപ്പെട്ട ദേവീ ക്ഷേത്രങ്ങളിലൊന്നാണ് അതിപുരാതനമായനമായ കടയ്ക്കൽദേവീ ക്ഷേത്രം.കടയ്ക്കലിന്റെ സംസ്കാരവും പേരും പെരുമയും ഈ ക്ഷേത്രവുമായും ഇവിടുത്തെ ആചാരാനുഷ്ഠനങ്ങളുമായി ഇഴചേർന്ന് കിടക്കുന്നു.ഈക്ഷേത്രത്തിലെ പ്രധാനപ്പെട്ട അനുഷ്ഠാനങ്ങളിലൊന്നാണ് കുത്തിയോട്ടംനരബലിയെ അനുസ്മരിപ്പിയ്ക്കുന്ന ഒരുചടങ്ങാണ് കുത്തിയോട്ടം.ദേവീ ക്ഷേത്രങ്ങളിലാണ് സാധാരണ കുത്തിയോട്ടം നടത്താറ്.ഇതൊരു ആയോധനകലകൂടിയാണ്.കുത്തിയോട്ടം പ്രധാനമായും അഞ്ചുതരമുണ്ട്. കുമ്മി, നെയ്യാണ്ടി കുടം പൂജ, സാരി, പാണ്ടിക്കുമ്മി, തെണ്ടിച്ചിന്ത്. കുമ്മിതന്നെ രണ്ടുതരമുണ്ട്. സാധാകുമ്മിയും തരുളിക്കുമ്മിയും. ഒരേരീതിയിലുള്ള അക്ഷരങ്ങളുള്ള നാലുവരിയാണ് സാദാകുമ്മി. മൂന്നും നാലും വരികളിലെ അക്ഷരങ്ങൾക്ക് ഇരട്ടിപ്പ് വരുന്നതാണ് തരുളിക്കുമ്മി. ഭദ്രകാളി കോവിലുകളിൽ പണ്ട് നരബലി നടത്തിയിരുന്നു.ദേവീപ്രീതിയ്ക്കായി പന്ത്രണ്ടുവയസിൽ താഴെ പ്രായമുള്ള കുട്ടികൾ ഒരാഴ്ചത്തെ വ്രതശുദ്ധിയോടെ ദേവിയെ പൂജിയ്ക്കുന്നു.തിരുവാതിര ദിവസം മുഖത്ത് ചുട്ടികുത്തി ചുവന്ന പട്ടുടുത്ത് കുത്തിയോട്ടക്കളിയുടെ അകമ്പടിയോടെ

താളമേളങ്ങളുടെ അകമ്പടിയോടെ ദേവീക്ഷേത്രങ്ങളിൽ പ്രദക്ഷിണം വയ്ക്കുന്നു.കടയ്ക്കൽ ഭദ്രകാളി ക്ഷേത്രത്തിൽ പണ്ട് നരബലിയും പിന്നീട് ജന്തുബലിയും നടന്നിരുന്നതായി പറയപ്പെടുന്നു.തിരുവിതാംകൂറിൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് മൈനർ ആയിരുന്നപ്പോൾ ഭരണം നടത്തിയിരുന്ന റീജന്റ് ണഹാറാണിയാമ് ഈ സമ്പ്രദായം അവസാനിപ്പിച്ചത്.ഇപ്പോൾ ഇവിടെ പ്രതീകാത്മകമായി കുമ്പളങ്ങ മുറിച്ച് കുരുതി നിർവഹിയ്ക്കുന്ന ചടങ്ങാണ് കുരുതി. കുരുസി എന്നും ഗുരുസി എന്നും ഇത് അറിയപ്പെടുന്നുണ്ട്. കടയ്ക്കൽ കുത്തിയോട്ടക്കളിയുടെ ആചാര്യനാണ് പ്രഭാകരൻ വൈദ്യൻ.

ഗുരുദേവചരിതം, ദക്ഷയാഗം, മഹിഷാസുരവധം തീർത്ഥാടനക്കുമ്മി. തിരുമുടിഘോഷയാത്ര എന്നിവ ഇദ്ദേഹത്തിന്റെ പ്രശസ്ഥമായ രചനകളാണ്. കുത്തിയോട്ടക്കളിയുടെ അവസാനം ദ്രുദഗതിയിൽ ചൊല്ലിക്കളിയ്ക്കുന്ന പദമാണ് കവിത്തം. കടയ്ക്കലിന്റെ കുത്തിയോട്ടക്കളിയുടെ ആചാര്യനായ ഈയടുത്ത്(2018) അന്തരിച്ച പ്രഭാകരൻ വൈദ്യന്റെ ഒരു രചനയിൽനിന്നും ചിലഭാഗങ്ങൾ

ഓ തിത്തോ തന്നന്നോ തകതിത്തെയ്

വടക്കുനിന്നൊരു സുന്ദരരൂപിണി

തിടുക്കമോടിവിടെത്തി

കടയ്ക്കലിനടുത്തുകണ്ടൊരു പീടികപൂകി-

ട്ടടച്ചിരിപ്പായി-തോ തിത്തോ അടച്ചിരിപ്പായി

അറച്ചുവന്നുടനാരിതിനുള്ളിൽ

മറച്ചിരിപ്പൊരുമാനിനിയെന്നതി-

വെറുപ്പുപൂണ്ടു വിളിച്ചൊരു നെട്ടൂർ-

കുറുപ്പിനെ പിടിപെട്ടുപദേശം-

കൊടുത്ത നിമിഷങ്ങൾ-തോ-

കൊട്ടുത്ത നിമിഷങ്ങൾ

നെട്ടൂരിന്നുടെ കഷ്ടതതീർത്തുട-

നട്ടഹസിച്ചിറ്റമൊട്ടുമൊഴിഞ്ഞീ-നാടിനു ഞാനൊരുക്കൂട്ടായ

നിന്നുടെ

ക്കൂട്ടരു നമ്മുടെപാട്ടും കർമ്മവ്യ-

മേറ്റുനടത്തുകമേലിൽ-തോ-

ഏറ്റു നചത്തുകമേലിൽ

ഇതുവിധമോതിയമതിലകഭ്രൂഷണ

സുതയുടെനാളതിലതി കുതുകം

ജനതതി വിരവായ് തവപദകമലംതൊഴു-

മഗതികൾതന്നുടെ മദനമൊഴിച്ചിഹ-

ഗതിയരുളീടുക ദേവീ-

ഓ തകതിത്തക്കിട

താതതക കിതതകി

തത്തിമി തിത്തത്തോം.

ഓരോകുമ്മിയ്ക്കുനിടയിൽ കവിത്തം പാടിയാണ് കുത്തിയോട്ടം അവസാനിപ്പിയ്ക്കുന്നത്. ഭക്തിരസപ്രധാനമായ കുത്തിയോട്ടപ്പാട്ടുകൾ രചിച്ച് കുത്തിയോട്ടം എന്നകലാരൂപം നമ്മുടെ നാട്ടിൽ നിന്നും വേരറ്റുപോകാതെ കാത്തുസൂക്ഷിച്ച യശ്ശശരീരനായ പ്രഭാകരൻവൈദ്യനെപ്പോലുള്ള സുമനസ്സുകളെ എക്കാലവും ഓർമ്മിയ്ക്കുകയും അവരെ ആദരിയ്ക്കുകയും ചെയ്യേണ്ടതാണ്.അദ്ദേഹത്തിന്റെ രചനകളും സൂക്ഷിയ്ക്കപ്പെടേണ്ടതാണ്. കുംഭമാസത്തിൽ കടയ്ക്കലിന്റെ താളമാണ് കുത്തിയോട്ടപ്പാട്ടുകൾ. കുംഭത്തിൽ

അശ്വതിനാളിൽ ബാലകർ വ്രതം ആരംഭിയ്ക്കുന്നതോടെ കടയ്ക്കലിന്റെ താളം കുത്തിയോട്ടപ്പാട്ടിന്റ ശീലുകളായി മാറുന്നു.

## മൊഴിവഴക്കം

**കീർത്തന**

ആറ് മലയാളിയ്ക്ക് നൂറ് മലയാളം എന്നാണല്ലോ ചൊല്ല്. നമ്മുടെ നാട്ടിലും ഇങ്ങനെ പ്രാദേശിക വ്യതിയാനങ്ങൾ കാണാം. കടയ്ക്കൽ പഞ്ചായത്ത്പ്രദേശങ്ങളിൽ ഇപ്പേഴും മുതിർന്നവരുടെ പ്രയോഗങ്ങളിൽ ഇത്തരം വാക്കുകളുണ്ട്. സംസാരഭാഷയിൽ മാത്രമാണ് ഈ പ്രയോഗങ്ങൾ വരിക.

**പ്രയോഗം – അർത്ഥം**

- അവുത്തുങ്ങൾ – അവർ
- അയ്യം – പുരയിടം, പറമ്പ്
- അപ്പാവി – പച്ചപാവം, പമസാധു
- അങ്കമ്മാളി – ധിക്കാരി, തന്റേടി
- അർക്കീസ് – പിശുക്കൻ
- ഇത്തിരിപ്പോലം – വളരെക്കുറച്ച്
- മുഞ്ഞി – മുഖം
- തോനെ – അധികം
- ചിറി – ചുണ്ട്
- ചെവിക്കല്ലം – കവിൾത്തടം
- ചെന്നാറെ – ചെന്നിട്ട്
- വന്നാറെ – വന്നിട്ട്
- ചിറച്ചില്,ചിനപ്പ് – ധിക്കാരം
- വെക്കം – വേഗം
- എരുത്തിൽ – കന്നുകാലിപ്പുര
- പാതാമ്പ്രം – അടുപ്പിനു മുകൾഭാഗം
- പര്യമ്പ്രം – വീട്ടിനു പുറകുവശം
- ചെവുത്ത – ശ്രദ്ധ, ജാഗ്രത
- എരണം – മോക്ഷം, ഐശ്വര്യം
- കശർപ്പ് – അരുചി
- ഇനിപ്പ് – മധുരം
- ഉറപ്പ – ചൂല്
- നമ്മട്ടി – മൺവെട്ടി
- ഉറുത്തൽ – അസ്വസ്ഥത
- ചക്കാത്ത് – സൗജന്യം
- തേമ്പ്രക്ക – തേക്കിൻ കായ

- തിളപ്പ് – അഹങ്കാരം, ധാർഷ്ട്യം
- കെറുവിക്കുക – കോപിക്കുക,പിണങ്ങുക
- കൺപേറ് – ദൃഷ്ടിദോഷം
- എന്റ്റെ – എന്നോട്
- തൊടക്ക് – അശുദ്ധി
- പൊക്കണം – ഭാണ്ഡം
- പോക്കണം – ഗതി
- പൊത്ത – വയൽ മീൻ(തോട്ടുമീൻ)
- പാത്ത – കുറിയവൾ
- തോട്ട – തോട്ടി
- തടുക്ക് – ഇട്ട് ഇരിക്കുന്ന പായ
- തടുക്ക് – ഇട്ട് ഇരിക്കുന്ന പായ
- തട്ടടി – പലക കട്ടിൽ
- വല്ലം – ഓലമെഞ്ഞ പുല്ല് വയ്ക്കുന്ന പാത്രം
- പഷ്ട് – നല്ലത്
- തറുതല – എതിർവാക്ക്
- തുരിശം – ധൃതി
- തന്നെത്താൻ – സ്വയം
- കലിപ്പ് – വാഗ്വാദം
- കിറുമ്മിണി – വളരെ ചെറിയ
- മിഴുങ്ങസ്യ – നിർവികാരം
- മിഴുങ്ങസ്യ – നിർവികാരം
- കെട്ടവാട – ദുർഗന്ധം
- എതം – എളുപ്പം
- ഞെരിപ്പ് – ബഹളം
- കഴപ്പ് – മടി
- വരുത്തം – വിമ്മിട്ടം
- വരത്തൻ – പരദേശി
- മറുകൃതി – എതിർവാക്ക്
- ചവുണ്ട് – മുഷിഞ്ഞ്
- പെരട്ട – വൃത്തികെട്ട
- എരപ്പ് – ആരവം
- പൊടിയൻ – ബാലൻ
- പൊടിച്ചി – ബാലിക

## ചെറുകഥ

**ആര്യ.പി.എസ്**

## പനിനീർറോസയുടെ ഭാഗ്യം



ഒരു പാവപ്പെട്ട കുടുംബത്തിലെ കുടിയായിരുന്നു കുഞ്ഞുമാളു. ധാരാളം ചെടികൾ അവൾ അവളുടെ വീട്ടിൽ നട്ടുവളർത്തിയിരുന്നു കൂട്ടത്തിൽ മന്ദാരവും മുക്കുറ്റിയും പിച്ചകവും ഉണ്ടായിരുന്നു പൂക്കളും വളരെയതികംഇഷ്ടപ്പെട്ടിരുന്നു കുഞ്ഞുമാളു ദൈനംദിന ക്ഷേത്രത്തിലേയ്ക്കാവശ്യമായ പൂക്കൾ എത്തിയ്ക്കുമായിരുന്നു . കുഞ്ഞുമാളുവിന്റെ പ്രിയപ്പെട്ട ചെടിയായിരുന്നു പനിനീർ റോസ ഒരിക്കൽ പനിനീർറോസയ്ക്ക് തന്റെ കുഞ്ഞുമൊട്ടിനെ ഉണ്ടായി. പനിനീർറോസ തന്റെ കുഞ്ഞുമൊട്ടിനെ താലൊലിച്ച് കുഞ്ഞുമൊട്ടിന് ആദ്യമൊക്കെ നല്ല നിറമുണ്ടായിരുന്നു സാവധാനം അവൾ വളർന്നു വന്നുകൊണ്ടേയിരുന്നു അവളുടെ മുഖം ചുവന്നു അവൾ ഏറെ നാളുകൾ ഒരുങ്ങുന്നു ഒരു ദിവസം കിഴക്കവെള്ള വീശി സൂര്യദേവൻ തലപ്പൊക്കി നിന്ന് പനിനീർറോസയെ നോക്കി ഒന്നു പുഞ്ചിരിച്ചു അവൾ അറിയാതെ കണ്ണ് തുറന്നു പുതിയ ലോകത്തെ അവൾ കണ്ണ് തുറന്നു ഒന്ന്നോക്കി നിന്നു. ഞാൻ എത്ര ഭാഗ്യവതി ഈ സുന്ദരമായ ലോകത്തിൽ ഒരു സുന്ദരമായി ജനിച്ചു നന്ദി. അവൾ പറഞ്ഞു ഒരു പൂവായി ജനിക്കാൻ കഴിഞ്ഞത് പനിനീർറോസയുടെ ഭാഗ്യമാണെന്ന് ഇപ്പോഴും അവൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു

## കവിത

**കാവ്യ പ്രദീപ്**

**<u>മൗനം</u>**

മൗനമാം സന്ധ്യതൻ മണിവീണ മീട്ടമീ-

മനസ്സിൻ പടിവാതിൽ തുറന്നിട്ട ഞാൻ-

മായുമോ ആ മനോഹര പുഷ്പം

എൻ മനസ്സിൽ അണയട്ടെ ചിരകാലമത്രയും

പാതി വെളിച്ചമെൻ ഇരുട്ടിൻ വക്കത്ത്.

മായാതെ നിൽക്കുമീ ചിത്ര വർണ്ണരചനികൾ

മായുമീ മൗനമേ മായുമീ സന്ധ്യയേ

മറക്കുന്ന ആ ലോകമത്രയും നിനക്കായ്-

അണയാതെ വിളക്കുമായി പാതിഉറക്കമീ

മനുഷ്യ രാശിതൻ  വർണ്ണചിത്രമേന്തി

പറന്നുല്ലസിക്കുമീ വിണ്ണിലെങ്ങും

മേഘങ്ങളോടി എത്തുമീ മൗനത്തിനരുകിൽ

നിലാവിൽ മുങ്ങിനിൽക്കും യമുനതൻ തീരത്ത്

തീരമെത്താത്തവനെ തേടി-

അലയുമീ മൗനവും

മയൂരമാം ഭംഗിതൻ ഓർമ്മയിൽ എത്തുന്ന -

മാനസ്സ വൃന്ദാവന പൊയ്ക തൻ അരികിൽ

അലയുന്ന ഞാൻ മൗനത്തിൻ തേങ്ങലായി

അണയട്ടെ മനസ്സിലെ മൗനത്തിൻ തീരം

## കവിത

**അനന്യ**

**പ്രതീക്ഷ**

ആഴിതൻ മധ്യത്തിൽ പൊന്നോമൽ മുത്തിനായി

നാഴികയേറെ ചിലവഴിച്ചുഞാൻ

ഒടുവിൽ തടഞ്ഞൊരാ ചിപ്പിതൻ മാറിൽ

ഭദ്രമായ് ചേർത്തു ഞാൻ പിൻ തിരിഞ്ഞു

കരയോളം വന്നെത്തി ചിപ്പി തുറന്നപ്പോൾ

മുത്തില്ല,വെറും ചിപ്പിതൻ കൺമിഴിയുമ.

ചിപ്പി മൊഴിഞ്ഞു നഷ്ടമായി മുത്തെന്ന്.

നഷ്ടബോധത്തോടെ, തേങ്ങലോടെ

തൻമെയ്യിൽ വീണൊരുമഞ്ഞുതുള്ളിയെ

മാനമ കാട്ടാത്ത മയിൽപ്പീലിയാക്കി

പ്രതീക്ഷതൻ കൈത്തിരിയുമായ് രാവെറെ കാത്തിരുന്നു

ആയിരം രാവും പകലും കൊഴിഞ്ഞു വീണു

എന്നിട്ടും മുത്തായി മാറിയെൻ മഞ്ഞുതുള്ളി

ശൂന്യമാം ചിപ്പിയെ നെഞ്ചിലേറ്റി ലാളിക്കാൻ

എന്തിനായ് വെറുതെഞാൻ മോഹിച്ചു

ഒരിക്കലീചിപ്പിയെ തേടിമുത്തുവരുമെന്ന പ്രതീക്ഷയാൽ

വരവേൽക്കാൻ മുത്തിൻ കൈപിടിക്കാൻ

നെഞ്ചിൽ ഒരുമൺചെരാത് ഞാൻ കൊളുത്തിവച്ചു

അണയാതെ കത്തുമീ ദീപത്തിൽ പ്രഭതേടി

അറിയാതെൻ മുത്തങ്ങാനമെത്തിയോ.

കവിത

അൽത്താഫ് റഹിം

## കടലിരമ്പം

കടലിന്റെ മക്കളെ കൊല്ലരുതെ
കടലിന്റെ മക്കൾക്ക് എന്തുപറ്റി
എന്റെ  കടലിന്റെ മക്കൾക്ക് എന്തുപറ്റി
മരണമാം നമ്മുടെ വിധിയതല്ലോ
അതിനെ തടുക്കുവാൻ കഴിയില്ലല്ലോ
നമ്മുടെ മക്കടെ ജീവിതം ഇങ്ങനെ
അതാ ഇരച്ചുവരുന്നു സുനാമി
മക്കളെന്നില്ല വൃദ്ധരെന്നില്ല
എല്ലാവരെയും  കടലമ്മ കൊണ്ടുപോയി
എല്ലാവരെയും ഒരുമിച്ച് കൊണ്ടുപോയി
ജീവിത സൗഭാഗ്യം മാഞ്ഞുപോയി
കിടപ്പാടമില്ല നമുക്കിപ്പോൾ ദുഃഖവുമായി
ഞങ്ങൾ കഴിയുന്നു .
ജീവിത താളം തെറ്റിയവർ ഞങ്ങൾ
ജീവിത മില്ലതെ അലയുന്നവർ നമ്മൾ
കാണുന്നതില്ലേ നീ കടലമ്മേ
ഇനിയും നീ ഞങ്ങളെ
മക്കളെ കാണാൻ വരുന്നുണ്ടോ?
ഞങ്ങളെ മക്കളെ കൊണ്ടു പോയില്ലേ നീ
കടലിന്റെ മക്കളെ കൊല്ലരുതെ...

## കവിത

**സിയാനി നിസാം**

### എന്റെ ഭാരതം

ഭാരതത്തിന്റെ സ്വന്തം
മക്കളായ് പിറന്ന നാം
ഭാരതത്തിന്റെ ഐക്യം
വാനോളം ഉയർത്തേണം

ബ്രിട്ടണും യൂറോപ്യനും
കയറിയിറങ്ങിയ
ഭാരതത്തിന്റെ ഐക്യം
വാനോളം ഉയർത്തേണം

നമ്മുടെ ബാപ്പുജിയും
നേതാജിയും ചാച്ചാജിയും
ത്യാഗങ്ങൾ സഹിച്ചിട്ടി
സ്വാതന്ത്ര്യം നേടി തന്നു

അടുത്ത ജന്മത്തിലും
ഭാരത മക്കളാകാൻ
കഠിന പ്രയത്നത്താൽ
സൽ കർമ്മം ചെയ്തീടാം നാം

## ലേഖനം

മുഹമ്മദ് സുൽത്താൻ

### *മഴവെള്ള സംഭരണം*

ഭൂമിയിൽ ജീവന്റെ നിലനിൽപിന് ചില അടിസ്ഥാന വസ്തുകൾ ഉണ്ട്.യഥാകാലം നമ്മുക്ക് ലഭിക്കുന്ന മഴ കേരളത്തിൽ ഇരുവസന്തത്തെ സൃഷ്ടിക്കുന്നുണ്ടെന്നതാണ് സത്യം. മഴ ഇങ്ങനെ സമൃദ്ധമായി പെയ്തിറങ്ങുന്നുണ്ടെങ്കിലും ആളോഹരി കുടിവെള്ളത്തിന്റെ ക്ഷാമവും വരൾച്ചയും കൃഷിനാശവും നിത്യസംഭവമാണ്. ടാങ്കർ ലോറിയിൽ എത്തുന്ന വെള്ളത്തിന് ക്യൂ നിൽക്കുന്ന ജനങ്ങൾ പത്രത്തിലെ വാർത്തയായത് കഴിഞ്ഞ രണ്ട് ദിവസങ്ങൾക്കുള്ളിലാണ്. ഈ വരൾച്ചയെ പറ്റി ഗവേഷണം ചെയ്തു മഴയുടെ അളവ് കുറയുന്നില്ലന്നാണ്.

കേരളത്തിന് വരദാനമായി ലഭിച്ചത് നാല്പത്തിനാല് പുഴകളാണ്. കൈത്തോടുകളും ചെറുപുഴകളും കായലുകളും കാവുകളിലെ കുളങ്ങളും വേറെയുമുണ്ട്. എന്നാൽ ഇന്ന് കാവുകളിലെ കുളങ്ങൾ ഏറെയും മണ്ണിട്ടുമൂടി കഴിഞ്ഞു. തടാകങ്ങൾ മാലിന്യ പൂർണ്ണമാണ്. രാസവള പ്രയോഗങ്ങളാൽ പുഴകളിൽ മെർക്കുറിയുടെ അംശം കൂടുതലാണ്.

മഴ മണ്ണിന്റെ വരദാനമാണ്. അത് സംരക്ഷിക്കാം. നമുക്കായി നാളേക്കായി.

## പഴഞ്ചൊല്ലുകൾ

**സൂരജ്**

- തീക്കൊള്ളി കൊണ്ട് തല ചൊറിയരുത്
- പാമ്പിന് പാൽ കൊടുക്കരുത്
- എഴുതാപ്പുറം വായിക്കരുത്
- തന്നതും തിന്നതും മറക്കരുത്
- തല മറന്ന് എണ്ണ തേയ്ക്കരുത്
- അണ്ണാറക്കണ്ണനും തന്നാലായത്
- ഒരു തലയേക്കാൾ രണ്ട് തല നന്ന്
- കല്ല് കടിച്ച് പല്ല് കളയരുത്
- ഒരു വെടിയ്ക്ക് രണ്ട് പക്ഷി
- കണ്ണ് രണ്ട് കാഴ്ചയൊന്ന്
- കണ്ണ് കണ്ടത് കൈ ചെയ്യും
- അത്തം കറുത്താൽ ഓണം വെളുക്കും
- കാണാത്ത വിത്തിന് വേരില്ല
- കുയിലിന് സൗന്ദര്യം സ്വരം
- കാലം നോക്കി കൃഷി ചെയ്യണം
- വിളയോടൊപ്പം കളയും

ഞങ്ങളുടെ ഈ ചെറിയ മാഗസിൻ ഇവിടെ പൂർണ്ണമാവുകയാണ്. നിറയെ പോരായ്മകളുണ്ടാകാം. വലിയ ലോകത്തിലെ ചെറിയ ചിന്തകളുടെ പ്രതിഫലനമായികണ്ട് തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്കുക. ഈ മാഗസിന്റെ പ്രവർത്തനങ്ങൾക്കായി കൂടെ നിന്ന, സഹായിച്ച എല്ലാവരേയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് നിർത്തട്ടെ.

**നന്ദി...**

**മുഹമ്മദ് സുൽത്താൻ**
**എഡിറ്റർ**